കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം.വി.എൽ.ഡി.1/0628/2022(A&VC5) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി.02.06.2023

കാരണം കാണിക്കൽ നോട്ടീസ്

പാറശ്ശാല യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എഡ്വിൻ.എൽ. എന്ന താങ്കൾ CO Order No.PL11/014875/2010, dtd.17.12.2015 തീയതി പ്രകാരം 01.06.2020 വരെ അഞ്ച് (5) വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി അവധിയുടെ കാലാവധി 01.06.2020 ന് കഴിഞ്ഞിട്ടും 02/06/2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരുന്നത് കുറ്റകരമാണ്. തന്മൂലം കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്തു. മേൽക്കാരണങ്ങളാൽ പാറശ്ശാല യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എഡ്വിൻ.എൽ -ന് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 15.03.2022-ാം തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രത്തിന് 30.03.2022 തീയതിയായി താങ്കൾ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. തുടർന്ന് ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി വിഴിഞ്ഞം, യൂണിറ്റോഫീസർക്ക് കൈമാറുകയും അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 15.07.2022 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 05.08.2022 തീയതിയായി അയച്ചു നൽകുകയും ആയതിന് താങ്കൾ 11.10.2022 തീയതിയായി വിശദീകരണം സമർപ്പിച്ചിട്ടുള്ളതുമാണ്.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 02.06.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും, അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളത് ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനമാണ്. ശൂന്യവേതനാവധി അനുവദിക്കാവുന്ന പരമാവധി അവധി കാലയളവ് ആയ അഞ്ച് വർഷം കഴിഞ്ഞിട്ടും ജോലിയിൽ പുന:പ്രവേശിക്കാതെ വളരെ വൈകി അവധി ദീർഘിപ്പിക്കാൻ അപേക്ഷ സമർപ്പിച്ച് ജോലിയിൽ നിന്നും വിട്ടു നിന്ന താങ്കൾക്കെതിരെ KSR Part I ലെ appendex XII -A clause (6) പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ആകയാൽ പാറശ്ശാല യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എഡ്വിൻ.എൽ.എന്ന താങ്കളെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.എഡ്വിൻ.എൽ എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ലായെന്നനുമാനിക്കുന്നതും അനന്തരനടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ.ജോയിന്റ് സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്: ശ്രീ.എഡ്വിൻ.എൽ, കണ്ടക്ടർ, പാറശ്ശാല.
(ജില്ലാ അധികാരി, തിരുവനന്തപുരം സൗത്ത് മുഖാന്തിരം)

2/6/23 02/6/2023

പകർപ്പ്: ജില്ലാ അധികാരി, തിരുവനന്തപുരം സൗത്ത് – ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ / ഫയൽ